**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം- 2017-18 വർഷത്തെ ഭരണ റിപ്പോർട്ട് പുനരവലോകനം ചെയ്ത് ഉത്തരവാകുന്നു.

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

**സ.ഉ.(അച്ചടി) നം.29 /2018/ഉ.വി.വ.** **തീയതി, തിരുവനന്തപുരം, 20/10/2018**

---

പരാമർശം :- സ്റ്റേറ്റ് ലൈബ്രേറിയന്റെ 02.07.2018 ലെ എ 2/2046/18/എസ്.സി.എൽ.നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശത്തിലെ കത്ത് പ്രകാരം സ്റ്റേറ്റ് ലൈബ്രേറിയൻ സമർപ്പിച്ച സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ 2017-18 വർഷത്തെ ഭരണ റിപ്പോർട്ട് പുനരവലോകനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അംഗീകരിച്ച റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം.ജി.രഞ്ജിത്കുമാർ
അഡീഷണൽ സെക്രട്ടറി

സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം.

ഡയറക്ടർ, ഐ.എം.ജി., തിരുവനന്തപുരം.

ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ, ഇന്ദ്രപ്രസ്ഥ എസ്റ്റേറ്റ് റിങ്ങ് റോഡ്, ന്യൂഡെൽഹി (With C L)

സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.

പൊതുഭരണ (എ.ആർ.) വകുപ്പ്

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

....2.....

I&PRD (Web &New Media)

www.highereducation.kerala.gov.in

കരുതൽ ഫയൽ/ ഓഫിസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

## (സ.ഉ. (അച്ചടി) നം. 29/2018/ഉ.വി.വ. തീയതി 20/10/2018)

ഓൺലൈൻ ബുക്ക് റിസർവേഷൻ, റിന്യൂവൽ, ഇന്റർനെറ്റ് അക്സസ്, സെൽഫ് ചെക്ക് - ഇൻ, ചെക്ക് - ഔട്ട്, ഡിജിറ്റിൽ വിഭാഗം, ബുക്ക് ഡ്രോപ്പർ എന്നീ സംവിധാനങ്ങൾ ഉള്ള, പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിക്കപ്പെട്ടിട്ടുള്ള ഇന്ത്യയിലെ ആദ്യത്തെ സ്റ്റേറ്റ് ലൈബ്രറിയാണ് കേരള സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം. വകുപ്പ് അദ്ധ്യക്ഷയായ സ്റ്റേറ്റ് ലൈബ്രേറിയനാണ് ഭരണ മേൽനോട്ടം നിർവഹിക്കുന്നത്. പൊതു അവധി ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ 8.00 മുതൽ ഉച്ചയ്ക്ക് 2.00 മണിവരെയും ഉച്ചയ്ക്കശേഷം 2.00 മണി മുതൽ രാത്രി 8.00 മണി വരെയും 10 മണി മുതൽ 5 മണി വരെയുമുള്ള മൂന്ന് ഷിഫ്റ്റുകളിലായി ലൈബ്രറി പ്രവർത്തിക്കുന്നു. ഞായറാഴ്ചകളിൽ രാവിലെ 8.00 മുതൽ ഉച്ചയ്ക്ക് 2.00 വരെയാണ് (ഒറ്റ ഷിഫ്റ്റ്) പ്രവർത്തന സമയം. 03/02/99 ലെ സർക്കാർ ഉത്തരവ് നം.130/99/ഉ.വി.വ. പ്രകാരമാണ് ഞായറാഴ്ചകളിലെ പ്രവർത്തന സമയം നിശ്ചയിച്ചത്. 01/04/99 മുതൽ ഇതു പ്രാബല്യത്തിൽ വന്നു. 01/01/2009 മുതൽ പുസ്തക വിതരണ സമയം ഉച്ചയ്ക്ക ശേഷം 2.00 മുതൽ 3.00 വരെ ഒരു മണിക്കൂർ മാത്രം ഇടവേള നൽകിക്കൊണ്ട് രാവിലെ 8.00 മണിമുതൽ രാത്രി 8.00 മണി വരെ ആക്കിയിട്ടുണ്ട്. പൊതു അവധി ദിവസങ്ങളിൽ രാവിലെ 8.00 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ വായനാമുറികൾ പത്ര വായനയ്ക്കായി തുറന്നു പ്രവർത്തിക്കുന്നുണ്ട്.

അംഗങ്ങൾക്ക് ലൈബ്രറി വെബ്സൈറ്റ് വഴി ബുക്ക് റിസർവേഷൻ, റിന്യൂവൽ എന്നിവയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പുസ്തകമോഷണം തടയുന്നതുൾപ്പെടെ കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറി മാനേജ്മെന്റിന്റെ ഭാഗമായി കെൽട്രോൺ വഴി ആർ.എഫ്.ഐ.ഡി സിസ്റ്റം (റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സംവിധാനം) ലൈബ്രറിയിൽ സ്ഥാപിച്ചിട്ടുണ്ട്. പുസ്തകവിതരണം, സ്വീകരണം എന്നിവ പൂർണ്ണമായും ആർ. എഫ്. ഐ. ഡി. സംവിധാനത്തിലൂടെ കോഹ സോഫ്റ്റ് വെയർ മുഖേനയാണ് നടത്തുന്നത്.

ലൈബ്രറിയിലെ അംഗത്വം എ. ബി. സി. ഡി. ഇ എന്നീ അഞ്ച് ക്ലാസ്സുകളിലായി തരം തിരിച്ചിരിക്കുന്നു. 2017-18 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ലൈബ്രറിയിൽ ഉണ്ടായിരുന്ന അംഗങ്ങളുടെ സംഖ്യ 88540 ആയിരുന്നു. ടി വർഷം 8292 പേർ പുതുതായി അംഗത്വമെടുത്തു. 2017-18 സാമ്പത്തിക വർഷം 21,50,700/- രൂപ അംഗത്വ നിക്ഷേപമായി ലഭിച്ചിട്ടുണ്ട്. 2017 മാർച്ച് 31 വരെ ലൈബ്രറിയുടെ സ്റ്റോക്കിൽ ആകെയുണ്ടായിരുന്ന പുസ്തകങ്ങൾ 441829 ആയിരുന്നു. ഈ വർഷം പുതുതായി 13445 പുസ്തകങ്ങൾ കൂടി സംഭരിച്ചിട്ടുണ്ട്. ആകെ 455274 പുസ്തകങ്ങളാണ് ഇപ്പോൾ സ്റ്റോക്കിൽ ഉള്ളത്. ആകെ 23 ദിനപത്രങ്ങളാണ് ലൈബ്രറിയിൽ വരുത്തുന്നത്. മലയാളം 13, ഇംഗ്ലീഷ് 7, തമിഴ് 3 എന്നീ ഭാഷകളിലുള്ളവയാണിവ.

ബ്രിട്ടീഷ് കൗൺസിൽ ലൈബ്രറി സർക്കാരിന് കൈമാറിയ പുസ്തകങ്ങൾ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ഒരു പ്രത്യേക വിഭാഗമായി സജ്ജീകരിച്ച് വിതരണം ചെയ്യുന്നതിന് സ്റ്റേറ്റ് ലൈബ്രേറിയനെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായതിൻ പ്രകാരം

ഈ പുസ്തകങ്ങൾ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ഒരു പ്രത്യേക വിഭാഗമായി സജ്ജീകരിച്ച് വിതരണം ചെയ്തുവരുന്നു. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി മെമ്പർഷിപ്പ് വഴി പുസ്തകങ്ങൾ വിതരണം ചെയ്യാൻ സർക്കാർ നിർദ്ദേശം ലഭിച്ചിട്ടുള്ളതിനാൽ ഈ സെക്ഷനിൽ നിന്നും പുസ്തകങ്ങൾ എടുക്കുന്നതിന് പ്രത്യേക മെമ്പർഷിപ്പിന്റെ ആവശ്യമില്ല. ഈ വിഭാഗത്തിൽ നിന്നും ഒരു മാസം ശരാശരി അയ്യായിരം പുസ്തകങ്ങൾ വിതരണം ചെയ്തുവരുന്നു. കുട്ടികൾക്ക് മെച്ചപ്പെട്ട ലൈബ്രറി സേവനങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം വിജ്ഞാനത്തിനും, വിനോദത്തിനും വേണ്ടിയുള്ള പല പരിപാടികളും ഈ വിഭാഗത്തിൽ നടത്തി വരുന്നു. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ ആഡിറ്റോറിയം വാടകയ്ക്ക് നൽകിയ ഇനത്തിൽ 1/04/2017 മുതൽ 31/03/2018 വരെ 1,27,335/- രൂപ സംഭരിച്ച് സർക്കാരിൽ അടച്ചിട്ടുണ്ട്.

ആറ് മാസം ദൈർഘ്യമുള്ള ലൈബ്രറി & ഇൻഫർമേഷൻ സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നടത്തുന്നുണ്ട്. നാൽപ്പത്തിയൊന്ന് പേരാണ് ഒരു ബാച്ചിൽ പരിശീലനം നേടുന്നത്. 2005-06 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച പഠനത്തോടൊപ്പം തൊഴിൽ എന്ന പദ്ധതി 2017-18 ലും നടപ്പിലാക്കിയിട്ടുണ്ട്. രണ്ട് മാസത്തെ തൊഴിൽ പരിശീലനം പൂർത്തിയാക്കുമ്പോൾ 1,800/- രൂപ വീതം ഓരോ വിദ്യാർത്ഥിക്കും വേതനം ലഭിക്കുന്നു. കൂടാതെ ഈ കോഴ്സ് പാസ്സാകുന്ന 10 വിദ്യാർത്ഥികളെ മെരിറ്റ് അടിസ്ഥാനത്തിൽ ഒരു വർഷക്കാലം ഇവിടെ അപ്രന്റീസായി നിയമിക്കുന്ന രീതിയും തുടർന്നു വരുന്നു. നിലവിൽ പ്രതിമാസം 6,000/- രൂപയാണ് ഒരു അപ്രന്റീസിന് നൽകുന്ന ശമ്പളം. കൂടാതെ ഫോട്ടോകോപ്പിയിംഗ്, ഡേറ്റ് കൺവേർഷൻ സർട്ടിഫിക്കറ്റ്, ഇന്റർനെറ്റ് ബ്രൌസിംഗ് സെന്റർ തുടങ്ങിയ സേവനങ്ങളും നടത്തി വരുന്നു.

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്ക് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ '2205-00-105-97-34-3' പ്ലാൻ ശീർഷകത്തിൽ 460 ലക്ഷം രൂപയും പുതിയ ഹെറിറ്റേജ് മോഡൽ റഫറൻസ് ബ്ലോക്ക് നിർമ്മാണത്തിനായി 4202-04-105- ക്യാപ്പിറ്റൽ പ്ലാൻ' ശീർഷകത്തിൽ 100 ലക്ഷം രൂപയും അനുവദിച്ചിരുന്നു. 2205-00-105-96 ലൈബ്രറി സയൻസ് കോഴ്സ് നോൺ പ്ലാൻ ശീർഷകത്തിൽ 37,000/- രൂപയും അനുവദിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2205-00-105-97 നോൺപ്ലാൻ ശീർഷകത്തിൽ 543 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈയിനത്തിൽ 481 ലക്ഷം രൂപ ചെലവിടുകയുണ്ടായി. 2205-00-105-96 ലൈബ്രറി സയൻസ് കോഴ്സ് നോൺ പ്ലാൻ ശീർഷകത്തിൽ അനുവദിച്ച 37,000/- രൂപയും വിനിയോഗിക്കുകയുണ്ടായി. 2017-18 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 2205-00-105-97-34(3) പ്ലാൻ ശീർഷകത്തിൽ അനുവദിച്ച 460 ലക്ഷം രൂപയിൽ 431.7 ലക്ഷം രൂപ വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1) പുതിയ പുസ്തകങ്ങൾ, മാഗസിൻസ്, ന്യൂസ്പേപ്പേഴ്സ്, ഇ-ജേർണൽസ്, ഇ-ബുക്ക്സ് എന്നിവ വാങ്ങുന്നതിനനുവദിച്ച 6 0 ലക്ഷം രൂപയിൽ 58.82 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ട് ബുക്ക് സെലക്ഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചത് പ്രകാരം പുതിയ പുസ്തകങ്ങൾ വാങ്ങി അംഗങ്ങൾക്ക് വിതരണം ചെയ്തു വരുന്നു.

2) 2017-18 സാമ്പത്തിക വർഷത്തിൽ കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 60 ലക്ഷം രൂപയിൽ നിന്ന് 56.54 ലക്ഷം രൂപ വിനിയോഗിച്ച് പുതിയ ഹെറിറ്റേജ് മോഡൽ റഫറൻസ് മന്ദിരത്തിലേയ്ക്ക് ആർ.എഫ്.ഐ.ഡി. കിയോസ്കുകൾ ആർ.എഫ് .ഐ . ഡി ഹാൻഡ് ഹെൽഡ് റീഡറുകൾ, ആർ.എഫ്.ഐ.ഡി. ടേബിൾ ടോപ്പ് റീഡറുകൾ, വാൾമൗണ്ട് ഡിസ് പ്ലേ, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്ന് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.കൂടാതെ പ്രധാന മന്ദിരത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ടാബുകൾ എന്നിവ കമ്പ്യൂട്ടറൈസേഷൻ സാങ്കേതിക കമ്മിറ്റിയുടെ അനുമതിയോടെ കെൽട്രോണിൽ നിന്ന് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.

3)2017-18 സാമ്പത്തിക വർഷത്തിൽ ലൈബ്രറി ഉപകരണങ്ങളും ഫർണിച്ചറും വാങ്ങുന്നതിനായി അനുവദിച്ച 5 ലക്ഷം രൂപയിൽ 4.95 ലക്ഷം രൂപ ഉപയോഗിച്ച് വിവിധ ലൈബ്രറി ഉപകരണങ്ങളും ഫർണിച്ചറും സിഡ്കോ മുഖേന വാങ്ങുകയുണ്ടായി.

4) 2017-18 വർഷത്തിൽ ബൈൻഡിംഗിനായി അനുവദിച്ച 5 ലക്ഷം രൂപ ഉപയോഗിച്ച് സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി കേടായ പുസ്തകങ്ങളും ആനുകാലികങ്ങളും ബൈൻഡ് ചെയ്യുകയുണ്ടായി.

5) 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സുമായി ബന്ധപ്പെട്ട ഏൺ വൈൽ യു ലേണിനും വ്യാപന പ്രവർത്തനങ്ങൾക്കും സമ്മർ സ്കൂളിനുമായി അനുവദിച്ച 7 ലക്ഷം രൂപയിൽ ടി ആവശ്യങ്ങൾക്കായി 6.91 ലക്ഷം രൂപ ചെലവിട്ടിട്ടുണ്ട്.

6) 2017-18 സാമ്പത്തിക വർഷത്തിൽ ഡിജിറ്റൈസേഷനായി അനുവദിച്ച 40 ലക്ഷം രൂപ വിനിയോഗിച്ച് കെൽട്രോൺ വഴി സെന്റ് ജോർജ്ജ് ഗസറ്റുകളുടെയും അമൂല്യ ഗ്രന്ഥങ്ങളുടെയും ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ട്.

7) സ്വാതി തിരുനാൾ മഹാരാജാവിന്റെ കാലത്ത് സ്ഥാപിതമായിട്ടുള്ള ലൈബ്രറി പ്രധാന കെട്ടിടത്തിന്റെ വാർഷിക അറ്റകുറ്റപ്പണികൾ പെയിന്റിംഗ് തുടങ്ങിയവ നടത്തി നവീകരിക്കുന്നതിനും സെല്ലാർ എയർകണ്ടീഷനിംഗ് ചെയ്ത് ബുക്ക് റൂം നവീകരിക്കുന്നതിനും 2017-18 ൽ അനുവദിച്ച 100 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ട് പി.ഡബ്ലിയു.ഡി. വഴി പ്രസ്തുത ജോലികൾ നടത്തി വരുന്നു.

8) ലൈബ്രറിയിൽ ഉപയോഗിക്കുന്ന കോളൻ ക്ലാസ്സിഫിക്കേഷൻ സ്കീമിൽ നിന്നും അന്താരാഷ്ട്ര തലത്തിൽ ഉപയോഗിക്കുന്ന ഡ്യൂയി ഡെസിമൽ ക്ലാസ്സിഫിക്കേഷൻ സ്കീമിലേയ്ക്ക് മാറ്റുന്നതിനുള്ള ജോലികൾക്കായി, 2017-18 ൽ അനുവദിച്ച 10 ലക്ഷം രൂപയിൽ നിന്ന് 1.47 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

9) പുതിയ ഹെറിറ്റേജ് മോഡൽ റഫറൻസ് ബ്ലോക്കിന്റെ പ്രവർത്തനത്തിനായി ലൈബ്രറി ഫർണ്ണിച്ചർ, സർക്കുലേഷൻ കൗണ്ടറുകൾ, ബുക്ക് ഷെൽഫുകൾ തുടങ്ങിയവയ്ക്കായി 2017-18 ൽ അനുവദിച്ച 93.85 ലക്ഷം രൂപ വിനിയോഗിച്ച് ടി ജോലികൾ KITE വഴി നടപ്പിലാക്കി വരുന്നു.

10) നാഷണൽ മിഷൻ ഓൺ ലൈബ്രറീസ്,സാംസ്കാരിക വകുപ്പ്, ഗവൺമെന്റ് ഒഫ് ഇൻഡ്യ പബ്ലിക് ലൈബ്രറിയുടെ നവീകരണത്തിനും ആധുനിക വൽക്കരണത്തിനുമായി 1.16 കോടി രൂപ എഫ് നം.3-1/എൻ.എം.എൽ./സ്കീം/കേരള/2015-16 തീയതി 7/11/2016 എന്ന ഉത്തരവ് പ്രകാരം

അനുവദിച്ചിട്ടുണ്ടായിരുന്നു.മേൽ തുകയുടെ 25% ആയ 29.15 ലക്ഷം രൂപ മാച്ചിംഗ് ഷെയർ ആയി 2017-18 സാമ്പത്തിക വർഷത്തെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി നാഷണൽ മിഷൻ ഓൺ ലൈബ്രറീസ്, രാജാറാം മോഹൻ റോയ് ലൈബ്രറി ഫൗണ്ടേഷന് നൽകിയിട്ടുണ്ട്.

11) ലൈബ്രറിയുടെ റീഡിംഗ് റൂമുകളുടെ നവീകരണത്തിന്റെ ഭാഗമായി ലിഫ്റ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ അനുവദിച്ചിരുന്നു.എന്നാൽ പ്രസ്തുത മന്ദിരത്തിൽ ലിഫ്റ്റ് സംവിധാനം ഏർപ്പെടുത്തുവാൻ സാധ്യമല്ലാത്തതിനാൽ ടി തുക ഓഡിറ്റോറിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് ഭരണാനുമതി ലഭിച്ചു. 35 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ട് പി.ഡബ്ല്യു.ഡി. വഴി പ്രസ്തുത ജോലികൾ നടത്തി വരുന്നു. പൊതുജനസേവനാർത്ഥം പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവരാവകാശ നിയമം 2005 പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ നിയമാനുസൃതമായ കാലാവധിയ്ക്കുള്ളിൽ തന്നെ മറുപടി നൽകിയിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റാണ് ഈ വകുപ്പിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ. അപ്പലേറ്റ് അതോറിറ്റി സ്റ്റേറ്റ് ലൈബ്രേറിയനാണ്. 2017-18 സാമ്പത്തിക വർഷത്തിൽ വിവരാവകാശ നിയമപ്രകാരം ആകെ 37 അപേക്ഷകൾ ലഭിച്ചിരുന്നു. ആയതിൽ മുഴുവൻ അപേക്ഷകൾക്കും മറുപടി നൽകിയിട്ടുമുണ്ട്. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ 2017-18 വർഷത്തെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്.